സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഹയർസെക്കന്ററി സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നുണ്ട്. അതിനുപുറമെ പ്ലാൻ ഫണ്ട്, 12-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക/നബാർഡിൽ നിന്നുമുള്ള ധനസഹായം എന്നിങ്ങനെ വിവിധ പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. 220 റൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ കുടിവെള്ളം, ടോയ്ലറ്റ്, യൂറിനലുകൾ നിർമ്മിക്കുന്നതിന് 2012-13 സാമ്പത്തിക വർഷം 377 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ അനുവദിച്ചു. ടി തുകയിൽനിന്നും എല്ലാ ജില്ലാ കളക്ടർമാർക്കും അതാത് ജില്ലയിലെ സ്കൂളുകൾക്ക് വേണ്ട തുക ഡി.ഡി. ആയി റിലീസ് ചെയ്തിട്ടുണ്ട്.

അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

78 (1101) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പരിഷ്കരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

പരിശോധിച്ചുവരുന്നു.

അദ്ധ്യാപക ബാങ്ക്

79 (1102) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അദ്ധ്യാപക ബാങ്കിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ; നിലവിൽ എത്ര അദ്ധ്യാപകർ ഇതിലുണ്ട് ;

(ബി) പ്രസ്തുത അദ്ധ്യാപകരെ റഗുലറൈസ് ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ബാങ്ക് രൂപവത്ക്കരിച്ചിട്ടില്ല. അദ്ധ്യാപക ബാങ്ക് സംബന്ധമായും പാക്കേജ് സംബന്ധമായുമുള്ള എല്ലാ ഉത്തരവുകളും ഹൈക്കോടതി റദ്ദ് ചെയ്തിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ ഫയൽചെയ്ത അപ്പീലിന്മേൽ അന്തിമ തീരുമാനമാകാത്ത സാഹചര്യത്തിൽ ബാങ്കുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നുംതന്നെ ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly